പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2518 28-10-2026-ൽ മറുപടിയ്ക്ക്

**ഒ.ബി.സി. വിഭാഗത്തിലെ വനിതാ സംരംഭകർക്ക് സാമ്പത്തിക സഹായം**

| ചോദ്യം ഉന്നയിച്ച അംഗങ്ങൾ | മറുപടി നൽകിയ മന്ത്രി |
|---|---|
| ശ്രീ. എൻ. ശക്തൻ | ശ്രീമതി കെ. എ. തുളസി |
| ശ്രീ. സി. വി. ശാന്തകുമാർ | (പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ |
| ശ്രീ. എം. ആർ. ബൈജു | വകുപ്പ് മന്ത്രി) |

**(എ)** സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങളുടെ രജിസ്ട്രേഷൻ ഉള്ള ഒ.ബി.സി. വിഭാഗത്തിൽപ്പെട്ട വനിതാ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനായി പ്രത്യേക സാമ്പത്തിക സഹായ പദ്ധതി നടപ്പാക്കുന്നുണ്ടോ; വിശദമാക്കുമോ;

**മറുപടി:** സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങളുടെ (MSME) രജിസ്ട്രേഷൻ ഉള്ള ഒ..ബി.സി. വിഭാഗത്തിൽപ്പെട്ട വനിതകൾക്കായി പ്രിയദർശിനി സ്വയം തൊഴിൽ വായ്പാ പദ്ധതി ഈ സാമ്പത്തിക വർഷം മുതൽ കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ ഒ.ബി.സി. വിഭാഗത്തിൽപ്പെട്ട വനിതകൾക്കായി പുനർജനി, സ്റ്റാർട്ട് അപ്പ് എന്നീ രണ്ട് സ്വയം തൊഴിൽ വായ്പാ പദ്ധതികൾ കൂടി പിന്നാക്ക വിഭാഗ വികസന കോർപ്പറേഷന്റെ സഹകരണത്തോടെ നടപ്പിലാക്കുന്നുണ്ട്. ഈ വായ്പകൾക്ക് MSME രജിസ്ട്രേഷൻ നിർബന്ധമല്ല.

**(ബി)** പ്രസ്തുത പദ്ധതിയുടെ ഭാഗമായി വനിതാ സംരംഭകർക്ക് ലഭ്യമാക്കുന്ന സാമ്പത്തിക സഹായത്തിന്റെ പരമാവധി തുക എത്രയാണെന്നും സഹായം ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ; പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിനും നിലവിലുള്ള സംരംഭങ്ങൾ വികസിപ്പിക്കുന്നതിനും ഈ പദ്ധതിയിലൂടെ ധനസഹായം ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ;

**മറുപടി:** Micro Small and Medium Enterprises (MSME) രജിസ്ട്രേഷനുള്ളതും ഉൽപ്പാദന മേഖലയിൽ പ്രവർത്തിക്കുന്നതുമായ ഒ.ബി.സി. വിഭാഗത്തിൽ ഉൾപ്പെട്ട വനിതാ സംരംഭകർക്കായി പുതിയ ഉൽപ്പാദന യൂണിറ്റുകൾ ആരംഭിക്കുന്നതിനും, നിലവിലുള്ളവ വികസിപ്പിക്കുന്നതിനുമായി പലിശ സബ്‌വെൻഷൻ (Interest Subvention) ലഭ്യമാക്കുന്ന രീതിയിൽ നടപ്പിലാക്കിയ പ്രിയദർശിനി സ്വയം തൊഴിൽ വായ്പാ പദ്ധതി പ്രകാരം പരമാവധി 5 ലക്ഷം രൂപ വരെ വായ്പ അനുവദിക്കുന്നുണ്ട്. ഈ പദ്ധതി പ്രകാരം അപേക്ഷിക്കുന്നതിനുള്ള പരമാവധി കുടുംബ വാർഷിക വരുമാന പരിധി 5 ലക്ഷം രൂപയും പ്രായപരിധി 18 മുതൽ 60 വയസു വരെയുമാണ്.

പുനർജനി സ്വയം തൊഴിൽ വായ്പാ പദ്ധതി പ്രകാരം പരമാവധി 5 ലക്ഷം രൂപ 7% പലിശ നിരക്കിൽ വായ്പയായി അനുവദിക്കുകയും വായ്പാ തുകയുടെ 20% (പരമാവധി ഒരു ലക്ഷം രൂപ) പിന്നാക്ക വിഭാഗ വികസന വകുപ്പ് സബ്സിഡിയായി അനുവദിക്കുകയും ചെയ്യുന്നു. പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിനും, നിലവിലുള്ളവ വിപുലീകരിക്കുന്നതിനും ഈ പദ്ധതി മുഖേന വായ്പ ലഭിക്കുന്നതാണ്.

സ്റ്റാർട്ട് അപ്പ് സ്വയം തൊഴിൽ വായ്പാ പദ്ധതി പ്രകാരം പരമാവധി 20 ലക്ഷം രൂപ വരെ 6 മുതൽ 8% പലിശ നിരക്കിൽ വായ്പ അനുവദിക്കുകയും വായ്പാ തുകയുടെ 20% (പരമാവധി രണ്ട് ലക്ഷം രൂപ) പിന്നാക്ക വിഭാഗ വികസന വകുപ്പ് സബ്സിഡിയായി അനുവദിക്കുകയും ചെയ്യുന്നുണ്ട്. ഒ.ബി.സി. വിഭാഗത്തിൽ ഉൾപ്പെട്ട പ്രൊഫഷണൽ യോഗ്യതയുള്ളവർക്ക് അവരുടെ യോഗ്യതയുമായി ബന്ധപ്പെട്ട വരുമാനദായകമായ പുതിയ സ്റ്റാർട്ട് അപ്പ് സംരംഭങ്ങൾ ആരംഭിക്കുന്നതിനാണ് ഈ പദ്ധതി മുഖേന വായ്പ അനുവദിക്കുന്നത്.

**(സി)** പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നതിന് അപേക്ഷകർ സമർപ്പിക്കേണ്ട രേഖകൾ, അപേക്ഷിക്കേണ്ട രീതി, അപേക്ഷകൾ പരിഗണിക്കുന്നതിനുള്ള നടപടിക്രമങ്ങൾ എന്നിവ വിശദമാക്കുമോ; അർഹരായ ഒ.ബി.സി. വനിതാ സംരംഭകർക്ക് പദ്ധതിയുടെ ആനുകൂല്യം സമയബന്ധിതമായി ലഭ്യമാക്കുന്നതിനും കൂടുതൽ വനിതകളെ സംരംഭക മേഖലയിലേക്ക് ആകർഷിക്കുന്നതിനും നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

**<u>മറുപടി:</u>** പ്രിയദർശിനി സ്വയം തൊഴിൽ വായ്പാ പദ്ധതി പ്രകാരം വായ്പകൾ ലഭ്യമാക്കാൻ ആവശ്യമായ രേഖകൾ ചുവടെ ചേർക്കുന്നു.

1. അപേക്ഷാ ഫോറം

2. ആധാർ, പാൻ കാർഡ്

3. ഉദ്യം രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്

4. സ്വയം തയ്യാറാക്കിയ വിശദമായ പ്രോജക്ട് പ്രൊപ്പോസൽ

5. ക്വട്ടേഷൻസ് / ഇൻവോയിസസ് - ആവശ്യമുള്ള പക്ഷം

6. സംരംഭം പ്രവർത്തിക്കുന്ന സ്ഥലത്തിന്റെ രേഖകൾ

7. ആവശ്യമായ നിയമപരമായ ലൈസൻസുകളും അനുമതികളും

8. ക്രെഡിറ്റ് റിപ്പോർട്ട്

9. ജാമ്യ രേഖകൾ

10. കോർപ്പറേഷൻ നിർദ്ദേശിക്കുന്ന മറ്റ് രേഖകൾ

പുനർജനി സ്വയം തൊഴിൽ വായ്പാ പദ്ധതി പ്രകാരം മേൽ പരാമർശിച്ചിട്ടുള്ള 1, 2, 4, 5, 6, 7, 9, 10 എന്നീ രേഖകൾക്ക് പുറമെ വിധവാ സർട്ടിഫിക്കറ്റ്, നോൺ റീ-മാരേജ് സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കേണ്ടതാണ്.

സ്റ്റാർട്ട് അപ്പ് സ്വയം തൊഴിൽ വായ്പാ പദ്ധതി പ്രകാരം മേൽ പരാമർശിച്ചിട്ടുള്ള 1, 2, 4, 5, 6, 7, 9, 10 എന്നീ രേഖകൾക്ക് പുറമെ പ്രൊഫഷണൽ യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റ്, 5 ലക്ഷത്തിന് മുകളിലുള്ള വായ്പകൾക്ക് ക്രെഡിറ്റ് റിപ്പോർട്ട്, വിശദമായ പ്രോജക്ട് റിപ്പോർട്ട് എന്നിവ നിർബന്ധമായും ഹാജരാക്കേണ്ടതാണ്. അപേക്ഷകർക്ക് തങ്ങളുടെ താലൂക്ക് പരിധിയിലുള്ള കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷന്റെ ജില്ലാ / ഉപജില്ലാ ഓഫീസുകളിൽ വായ്പയ്ക്ക് അപേക്ഷിക്കാവുന്നതാണ്.

**സെക്ഷൻ ഓഫീസർ**